


# ദൈവപരിപാലനയിൽ ആശ്രയിക്കുക

ലൂക്കാ. 12: 22 – 34; 1 കോറി. 14: 1 – 12; നിയമാ. 1: 33 – 46; ഏശയ്യാ 1: 21 – 31 (Vol. 10, Issue 02)

ബ്ര. ജിജു ജോസ്, വാളിയാങ്കൽ MCBS

പെന്തക്കുസ്താ തിരുനാളിൽ ലഭിച്ച പരിശുദ്ധാത്മാവിന്റെ തീക്ഷ്ണതയാലും അഭിഷേകത്താലും ജ്വലിച്ച് ലോകമെങ്ങും പോയി സുവിശേഷം പ്രഘോഷിച്ച ശ്ലീഹന്മാരെ അനുസ്മരിക്കുന്ന ശ്ലീഹാക്കാലത്തിന്റെ അഞ്ചാം ആഴ്ചയിലേയ്ക്ക് നാം പ്രവേശിക്കുകയാണ്. പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്ന എല്ലാവരും അതേ തീക്ഷ്ണതയാൽ ജ്വലിച്ച്, അഭിഷേകത്താൽ നിറഞ്ഞ് സുവിശേഷം പ്രഘോഷിക്കണമെന്ന് ഈ കാലം നമ്മെ അനുസ്മരിപ്പിക്കുന്നു.

ആത്മാവിൽ ജ്വലിച്ച് സുവിശേഷം പ്രഘോഷിക്കുവാൻ പോകുന്നവർക്ക് ഉണ്ടായിരിക്കേണ്ട പ്രധാന കാര്യമാണ് ദൈവപരിപാലനയിലുള്ള ആശ്രയം. ശിഷ്യന്മാരോടായി ക്രിസ്തു പറയുന്ന ഈ വചനഭാഗം ക്രിസ്തുവിനെ അനുഗമിക്കാനായി ഇറങ്ങുന്ന എല്ലാവർക്കുമായിട്ടുള്ളതാണ്. കാരണം, ക്രിസ്തുവിനെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവർ ആശ്രയം വയ്ക്കേണ്ടത് ദൈവത്തിൽ മാത്രമാണ്. സമ്പത്തിലും അധികാരത്തിലും സുഖസൗകര്യങ്ങളിലും ഒന്നിലുമാകരുത്. ലോകത്തിന്റെ ആഗ്രഹം ഇനിയും നേടണമെന്നതാണ് – അതും ഏറ്റവും നല്ലത്. നല്ലതിനെയും പുതിയതിനെയും തേടിപ്പോകുന്നവർ ആശ്രയം വയ്ക്കുന്നത് തങ്ങളുടെ തന്നെ കഴിവിലാണ്. ആഗ്രഹിക്കുന്നതെല്ലാം നേടിയെടുക്കാമെന്ന കഴിവിൽ. ഇവിടെ ക്രിസ്തു നമ്മോട് ചോദിക്കുന്ന ചില ചോദ്യങ്ങളുണ്ട്. നിങ്ങളെന്തിനാണ് ഭക്ഷണത്തെക്കുറിച്ചും വസ്ത്രത്തെക്കുറിച്ചുമൊക്കെ ഓർത്ത് ആകുലപ്പെടുന്നത്? നിങ്ങളെ സൂക്ഷിച്ചു പരിപാലിക്കുന്ന ദൈവത്തിനറിയില്ലേ നിങ്ങൾക്ക് എന്തൊക്കെയാണ് വേണ്ടതെന്ന്?

എല്ലാ മാതാപിതാക്കൾക്കുമറിയാം തങ്ങളുടെ മക്കളുടെ വളർച്ചയിൽ എന്തൊക്കെയാണ് അവർക്കാവശ്യമെന്ന്. ആവശ്യത്തിന് ഭക്ഷണവും വസ്ത്രവും വിദ്യാഭ്യാസവുമൊക്കെ വേണ്ട രീതിയിൽ നൽകാൻ അവർക്കറിയാം. എങ്കിൽ ഇതിന്റെയൊക്കെ കാരണഭൂതനായ സൃഷ്ടാവായ ദൈവത്തിന് തങ്ങളുടെ മക്കളുടെ വളർച്ചയിൽ ശ്രദ്ധിക്കാതിരിക്കാൻ കഴിയുമോ? പിതാവിന് എല്ലാം അറിയാമെന്നാണ് ക്രിസ്തു നമുക്ക് നൽകുന്ന ഉറപ്പ്. അതുകൊണ്ട് നമ്മൾ ചെയ്യേണ്ടത് ഇത്രമാത്രം. ആദ്യം അവിടുത്തെ രാജ്യം അന്വേഷിക്കണം. ബാക്കിയെല്ലാം അവിടുന്ന് തന്നെ നോക്കിക്കൊള്ളും.

വിതയ്ക്കുകയോ കൊയ്യുകയോ ചെയ്യാത്ത കാക്കകളെയും, നൂൽ നൂൽക്കുകയോ വസ്ത്രം നെയ്യുകയോ ചെയ്യാത്ത ലില്ലികളെയും പരിപാലിക്കുന്ന ദൈവം നമ്മെയും പരിപാലിച്ചുകൊള്ളുമെന്ന് പറഞ്ഞ് അലസരായി ജീവിക്കാനുള്ള ഒഴികഴിവല്ലിത്. മറിച്ച്, നമുക്ക് രാജ്യം നൽകാനായി പ്രസാദിച്ചിരിക്കുന്ന ദൈവത്തിന്റെ രാജ്യത്തിൽ അദ്ധ്വാനിക്കാനുള്ള വിളിയാണിത്. പൂക്കളെക്കാളും ചെടികളെക്കാളുമൊക്കെ ശ്രേഷ്ഠമായി സൃഷ്ടിച്ച്, ചിന്തിക്കാനും തീരുമാനമെടുക്കാനുമൊക്കെ കഴിവ് നൽകി ദൈവ

പുത്രരായി നമ്മെയൊക്കെ ഇവിടെ ആക്കിയിരിക്കുന്നത് ശ്ലീഹന്മാരെപ്പോലെ അദ്ധ്വാനിക്കാനാണ്. അങ്ങനെയുള്ളവർക്കാണ് ദൈവരാജ്യം. അവരെയാണ് 'ചെറിയ അജഗണമേ' എന്ന് വിളിക്കുന്നത്. അതായത്, യഥാർത്ഥത്തിൽ ദൈവരാജ്യത്തിന് പ്രാധാന്യം നൽകി-ഒന്നാം സ്ഥാനം നൽകി അതിനെ അന്വേഷിക്കുന്നവർ ചുരുക്കമാണെന്നാണ്. അങ്ങനെയുള്ള ചെറിയ അജഗണത്തെ ദൈവം പരിപാലിക്കുമെന്നുറപ്പാണ്. കാരണം, കർത്താവ് ഇടയനാണ്. യഥാർ ത്ഥവിശ്വാസികൾ-യഥാർത്ഥത്തിൽ ദൈവരാജ്യം അന്വേഷിക്കുന്നവർ അവിടുത്തെ അജഗണത്തിലെ ആടുകളുമാണ്. ആടുകളെ പരിപാലിക്കുന്ന ഇടയനായ ദൈവത്തിൽ നാം ആശ്രയം കണ്ടെത്തണം.

ഇങ്ങനെയൊക്കെയാണെങ്കിലും നമ്മുടെയൊക്കെ ഉള്ളിലുയരുന്ന ചോദ്യമാണ് ആകുലപ്പെടാതെ ജീവിക്കാൻ സാധിക്കുമോ എന്നത്. വിജയത്തെക്കുറിച്ചും മാർക്കിനെക്കുറിച്ചും ആകുതലയില്ലെങ്കിൽ നന്നായി പഠിക്കുമോ? മക്കളുടെ ഭാവിയെക്കുറിച്ചോർത്ത് ആശങ്കയില്ലെങ്കിൽ അവരെ നന്നായി വളർത്തുമോ? ലോകകപ്പിൽ നമ്മുടെ രാജ്യം ജയിക്കുമോ തോൽക്കുമോ എന്ന ആശങ്ക കൂടാതെ, കളി കാണാൻ സാധിക്കുമോ? ഇങ്ങനെ പലവിധ ആശങ്കകളാലും ആകുലതകളാലും ചുറ്റപ്പെട്ടാണ് ഓരോ ദിവസവും കഴിഞ്ഞുപോകുന്നത്. അങ്ങനെയിരിക്കെ, ആകുലപ്പെടേണ്ട എന്ന് വചനം പറയുന്നതിന്റെ അർത്ഥമെന്താണ്?

ഇവിടെ ആകുലപ്പെടേണ്ട എന്ന് ഉദ്ദേശിക്കുന്നത് ഇങ്ങനെയുള്ള നിസ്സാര കാര്യങ്ങൾക്ക് നമ്മൾ നൽകുന്ന മുൻഗണനാക്രമം മാറ്റണമെന്നതാണ്. ആത്മാവിനെക്കാളും ജീവനെക്കാളും വസ്ത്രത്തിനും ഭക്ഷണത്തിനും ശരീരത്തിനും നൽകുന്ന മുൻഗണനാക്രമം മാറ്റണം. മറ്റെന്തിനേക്കാളുമുപരി ദൈവത്തിനും ദൈവരാജ്യത്തിനും ദൈവപരിപാലനയ്ക്കും പ്രാധാന്യം കൊടുക്കണം. ക്രിസ്തു തന്നെയാണ് നമുക്കിവിടെ മാതൃക.

അവനുമുണ്ടായിരുന്നു ആകുലപ്പെടാൻ കാരണങ്ങൾ. ദരിദ്രനായി പുൽക്കൂട്ടിൽ പിറക്കേണ്ടി വന്നപ്പോഴും, പലായനങ്ങൾ ചെയ്യേണ്ടി വന്നപ്പോഴും, ഉറ്റവരാലും ഉടയവരാലും ഒറ്റിക്കൊടുക്കപ്പെട്ടപ്പോഴും തള്ളിപ്പറയപ്പെട്ടപ്പോഴും, രക്തം വിയർത്ത് പ്രാർത്ഥിച്ചപ്പോഴുമൊക്കെ അവന് ആകുലപ്പെടാമായിരുന്നു. എന്നാൽ, ക്രിസ്തു ഇതിനൊന്നും മുൻഗണന കൊടുത്തില്ല. പിതാവിന്റെ പരിപാലനയിൽ ആശ്രയിച്ചുകൊണ്ട് പിതാവിന്റെ ഹിതം നിറവേറട്ടെ എന്ന് അവിടുന്ന് പ്രാർത്ഥിച്ചു. ഈ ക്രിസ്തു ഇന്ന മ്മോട് പറയുന്നത് ഇത്രമാത്രം: ആവശ്യങ്ങൾ കണ്ടറിഞ്ഞ് ആവശ്യമുള്ള സമയത്ത് നടത്തിത്തരുന്ന ദൈവത്തിൽ ആശ്രയിക്കുക ബാക്കിയെല്ലാം അവിടുന്ന് നോക്കിക്കൊള്ളും.

ദൈവപരിപാലനയുടെ വലിയ ഉദാഹരണമാണ് പുറപ്പാട് സംഭവം. ദൈവം പരിപാലിച്ച് വഴിനടത്തി ആവശ്യമായവയെല്ലാം നൽകിയിട്ടും അവിടുത്തെ ധിക്കരിച്ച ജനത്തിന് ലഭിക്കാത്ത ദൈവപരിപാലനയുടെ അടയാളമായ കാനാൻദേശം ലഭിക്കാതെ പോയതിനെ നമ്മുടെ മുമ്പിൽ അവതരിപ്പിച്ചുകൊണ്ട് നിയമാവർത്തന പുസ്തകം 1-ാം അധ്യായം 33 മുതലുള്ള വാക്യങ്ങൾ നമ്മോട് ആവശ്യപ്പെടുന്ന ഒരു കാര്യം ഇത്രമാത്രം: ദൈവത്തിന്റെ പരിപാലനയിൽ മാത്രം ആശ്രയം വയ്ക്കണം. കാരണം, അവിടുന്ന് തന്റെ വാക്കുകളിൽ വിശ്വസ്തനാണ്.

ഇതു തന്നെയാണ് ദൈവത്തിന്റെ പരിപാലനയിൽ ആശ്രയിക്കാതെ വിജാതീയ ദൈവങ്ങളുടെ പിന്നാലെ പോയി ദൈവത്തിന്റെ ക്രോധം വിളിച്ചുവരുത്തിയ ജനതയെ കാണിച്ചുകൊണ്ട് ഇന്നത്തെ വായനയിൽ ഏശയ്യാ പ്രവാചകനും പറയുന്നത്. ദൈവാശ്രയത്തെ മാറ്റിനിർത്തി സ്വന്തം കഴിവുകളിൽ ആശ്രയം വച്ച് മറ്റുള്ളവരുടെ മുമ്പിൽ വലിയവരാകാൻ ശ്രമിക്കുന്നവരെ നമുക്ക് കാണിച്ചുതന്നുകൊണ്ട് പൗലോസ് ശ്ലീഹായും പറയുന്ന കാര്യമിതാണ്: നിങ്ങൾ ആശ്രയം വയ്ക്കേണ്ടത് നിങ്ങളുടെ കഴിവുകളിലാകരുത്. മറിച്ച്, ഇവയെല്ലാം നമുക്ക് തരുന്ന ദൈവത്തിന്റെ പരിപാലനയിലായിരിക്കണം.

ക്രിസ്തു പറഞ്ഞുതരുന്ന ഈ ദൈവപരിപാലന ഒട്ടും കുറഞ്ഞുപോയിട്ടില്ല എന്ന് നമുക്ക് പറഞ്ഞുതരുന്ന യാഥാർത്ഥ്യമാണ് വിശുദ്ധ കുർബാന. ദൈവത്തിന്റെ പരിപാലനയുടെ എന്നും നിലനിൽക്കുന്ന, എന്നും ജീവിക്കുന്ന അടയാളം. വിശുദ്ധ ബലിക്കായി അനുദിനം നമ്മൾ അണയുമ്പോൾ നമ്മെ പരിപാലിക്കുന്ന ദൈവത്തെയാണ് സ്വീകരിക്കുന്നത്. അനുദിനമുള്ള നമ്മുടെ ദിവ്യകാരുണ്യ സ്വീകരണം ഈ പരിപാലനയിലേയ്ക്ക്-ദൈവാശ്രയബോധത്തിലേയ്ക്ക് നമ്മെ നയിക്കുന്നതാകണം. പൂർണ്ണമായും പിതാവിലാശ്രയിച്ച് സമ്പൂർണ്ണബലിയായി മാറിയ ക്രിസ്തുവിനെപ്പോലെ നമുക്കും സമ്പൂർണ്ണമായി അവിടുത്തെ പരിപാലനയിലാശ്രയിച്ച് ഒരു ബലിയായി തീരാം. അങ്ങനെ അനേകരെ ദൈവത്തിന്റെ പരിപാലനയുടെ തണലിൽ കൊണ്ടുവരുന്ന ജീവിതങ്ങളായി നമ്മുടെ ജീവിതങ്ങൾ മാറട്ടെ.

സർവ്വേശ്വരൻ നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ആമ്മേൻ.